**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5297** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഇതിനായി പ്രത്യേക തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി തെരെഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 പ്രകാരം ഒരു ജില്ലയിൽ ഒരു കൃഷി ഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകൾ ആക്കി മാറ്റുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. നബാർഡ് ആയതിന് ആർ.ഐ.ഡി.എഫ് XXVII പദ്ധതിയിലുൾപ്പെടുത്തി 31.5 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷി ഭവൻ പദ്ധതി കെ.എൽ.ഡി.സി. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം തുക അനുവദിച്ചിരുന്നില്ല.<br><br>2022-23 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയ്ക്കായി സംസ്ഥാന വാർഷിക പദ്ധതിയിൽ 131.62558 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ? | (ബി) | കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഇതിനായി പ്രത്യേക തുക |

| | | | |
|---|---|---|---|
| | | | വകകൊള്ളിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി തെരെഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 പ്രകാരം ഒരു ജില്ലയിൽ ഒരു കൃഷി ഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകൾ ആക്കി മാറ്റുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. നബാർഡ് ആയതിന് ആർ.ഐ.ഡി.എഫ് XXVII പദ്ധതിയിലുൾപ്പെടുത്തി 31.5 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷി ഭവൻ പദ്ധതി കെ.എൽ.ഡി.സി. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം തുക അനുവദിച്ചിരുന്നില്ല.<br><br>2022-23 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയ്ക്കായി സംസ്ഥാന വാർഷിക പദ്ധതിയിൽ 131.62558 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2022-23 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം

| ക്രമ നം. | ജില്ല | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 8.42296 |
| 2 | കൊല്ലം | 25.0 |
| 3 | പത്തനംതിട്ട | 12.04651 |
| 4 | ആലപ്പുഴ | 13.04904 |
| 5 | കോട്ടയം | 2.71379 |
| 6 | ഇടുക്കി | 12.0 |
| 7 | എറണാകുളം | 1.56 |
| 8 | തൃശ്ശൂർ | 7.83116 |
| 9 | പാലക്കാട് | 23.94677 |
| 10 | മലപ്പുറം | 5.17001 |
| 11 | കോഴിക്കോട് | 3.42578 |
| 12 | വയനാട് | 6.1359 |
| 13 | കണ്ണൂർ | 5.41877 |
| 14 | കാസറഗോഡ് | 4.90489 |
| **ആകെ** | | **131.62558** |

Jyolly

**സെക്ഷൻ ഓഫീസർ**